LIBRARY ARCHIVES Kerala Legislative Assembly

തൈക്കുട്ടം കടവിലെ ലൂക്കുപാലം

175(3097) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം ദുരന്ത സാഹചര്യമുള്ള സ്ഥലങ്ങളിലെ കടവുകളിൽ പാലങ്ങൾ നിർമ്മിക്കുന്ന സ്കീമിൽ ഉൾപ്പെടുത്തി കെൽ നിർമ്മാണം പൂർത്തിയാക്കിയ തൃശ്ശൂർ ജില്ലയിലെ കാടുകുറ്റി പഞ്ചായത്തിലെ തൈക്കുട്ടം കടവിലെ ലൂക്കുപാലത്തിന്റെ നിർമ്മാണത്തിൽ സാങ്കേതിക ന്യൂനതകൾ ഉള്ളതായി പ്രാഥമിക പരിശോധനയിൽ ബോധ്യമായതിനെത്തുടർന്ന് വിശദമായ പരിശോധന നടത്തുന്നതിനായും അപാകതകൾ പരിഹരിക്കുന്നതിനായും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അപാകതകൾ പരിഹരിച്ച് ലൂക്കുപാലം ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഹൈവേ റിസർച്ച് ജോയിന്റ് ഡയറക്ടർ പരിശോധിച്ചതനുസരിച്ച് തൈക്കുട്ടം കടവ് ലൂക്കുപാലത്തിന്റെ നിർമ്മാണത്തിലെ ന്യൂനതകൾ കേരള ഇലക്ട്രിക്കൽ & അലൈഡ് കമ്പനിയെക്കൊണ്ട് പരിഹരിപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തൈക്കുട്ടം കടവ് ലൂക്കുപാലത്തിന്റെ നിർമ്മാണത്തിലെ അപാകത ഉടൻ പരിഹരിക്കാനും ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് സജ്ജമാക്കാനും KEL പ്രതിനിധിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്മാർട്ട് വില്ലേജുകൾ

176(3098) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;